പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം. 1743

31.01.2018 ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളിൽ ഓൺലൈനായി വീട്ടുനികുതി

**ചോദ്യം**

**ശ്രീ. കെ. എൻ.എ. ഖാദർ**

**ഉത്തരം**

**ഡോ. കെ. ടി. ജലീൽ**
**(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്തെ പഞ്ചായത്ത് ഓഫീസുകളിൽ ഓൺലൈനായി വീട്ടുനികുതി അടക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | എ) സംസ്ഥാനത്തെ 938 ഗ്രാമപഞ്ചായത്തുകളിൽ ഓൺലൈനായി വീട്ടുനികുതി അടക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) മുൻകാലങ്ങളിൽ ഓഫീസിൽ നേരിട്ട് അടച്ച വീട്ടുനികുതിയുടെ വിവരങ്ങൾ പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; | ബി) മുൻകാലങ്ങളിൽ അടച്ച വീട്ടുനികുതി വിവരങ്ങൾ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറായ 'സഞ്ചയ' യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) അപ്രകാരം മുമ്പ് അടച്ച നികുതിയുടെ വിവരങ്ങൾ ഡേറ്റാ ബേസിൽ രേഖപ്പെടുത്താത്തതു കാരണം തനതു വർഷത്തെ നികുതി ഓൺലൈനായി അടക്കാൻ കഴിയാത്തതായ പരാതികൾ ലഭിച്ചിട്ടുണ്ടോ; ആയതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | സി) ഇത്തരം പരാതികൾ ലഭിക്കുകയാണെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ